ജില്ലാ സഹകരണ ബാങ്കില്ലാത്ത ജില്ല

* 128. [131] ശ്രീ. സി. ടി. അഹമ്മദ് അലി :

,, പി എം. അബൂബക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജില്ലാ സഹകരണ ബാങ്കില്ലാത്ത ഏതെങ്കിലും ജില്ല ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ജില്ലയിൽ സഹകരണ ബാങ്ക് രൂപവൽകരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ :

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

പൊതുമരാമത്തു വകുപ്പിൽ നേരിട്ട് പണി ചെയ്യിക്കുവാനുള്ള സംവിധാനം

* 129. [132] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ വർക്കുകൾ ടെണ്ടർ ചെയ്താൽ പണി ഏറ്റെടുക്കാൻ കരാറുകാർ ഇല്ലാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ നേരിട്ട് പ്രസ്തുത പണി ചെയ്യിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംവിധാനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടി നഹ) :

(എ) ഉണ്ട്.

(ബി) പൊതുമരാമത്തു വകുപ്പിൽ വർക്കുകൾ ടെണ്ടർ ചെയ്താൽ പണി ഏറ്റെടുക്കാൻ കരാറുകാർ ഉണ്ടാകാത്ത സാഹചര്യത്തിൽ ആ പണികൾ ചെറിയ ചെറിയ പണികളായി തരംതിരിച്ച് ചെയ്യിക്കുകയാണ് പതിവ്. ഇതിന് പീസ്വർക്ക് സിസ്റ്റം എന്നാണ് പറയുന്നത്. ഇത്തരത്തിലും ജോലികൾ ചെയ്യിക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തൊഴിലാളികളെ നിർത്തി നേരിട്ട് പണി ചെയ്യിക്കുന്ന രീതിയും നിലവിലുണ്ട്. ആ രീതിയിൽ ജോലി ചെയ്യിക്കുമ്പോൾ ചെലവ് ഒരിക്കലും മുൻകൂട്ടി നിശ്ചയിച്ച മൊത്തം തുകയിൽനിന്നും കൂടാൻ പാടില്ല എന്ന് നിർദ്ദേശമുണ്ട്.

കൂടാതെ പ്രധാനപ്പെട്ട ജോലികൾ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനേയും ഏൽപ്പിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly